പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 216

# 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 216

# 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 216

# 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

1994-ലെ കേരള പഞ്ചായത്ത് രാജ്

ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 215-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 215-ാം വകുപ്പ് (9)-ാം ഉപവകുപ്പിൽ,—

(i) "ചെയ്യേണ്ടതുമാകുന്നു" എന്ന വാക്കിനുശേഷമുള്ള ":" എന്ന ചിഹ്നത്തിനുപകരം "." എന്ന ചിഹ്നം ചേർക്കുക;

(ii) "എന്നാൽ പ്രസ്തുത ചെലവ് ചെയ്ത തീയതി മുതൽ നാല് വർഷത്തിനു ശേഷം ഈ ഉപവകുപ്പ് പ്രകാരം യാതൊരു സർച്ചാർജ്ജും ചെയ്യുവാൻ പാടില്ല." എന്ന ക്ലിപ്ത നിബന്ധന ഒഴിവാക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 215-ാം വകുപ്പ് (9)-ാം ഉപവകുപ്പിൽ പഞ്ചായത്തുകളിൽ ക്രമവിരുദ്ധമായി ചെലവാക്കിയ ഏതൊരു ചെലവുമായി ബന്ധപ്പെട്ട് പ്രസ്തുത ചെലവ് ചെയ്യുകയോ ചെലവാക്കുന്നതിന് അധികാരം നൽകുകയോ ചെയ്തയാളിൽനിന്നും സർച്ചാർജ്ജ് ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നുവെങ്കിലും പ്രസ്തുത (9)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ അപ്രകാരം ചെലവ് ചെയ്ത് നാല് വർഷത്തിനുശേഷം യാതൊരു സർച്ചാർജ്ജും ഈടാക്കുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

2. പ്രസ്തുത ക്ലിപ്ത നിബന്ധനകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ നിയമവിരുദ്ധമായി ചെലവഴിക്കപ്പെട്ട തുകയുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ അത്തരം നിയമവിരുദ്ധ ചെലവഴിക്കലുകൾക്കുള്ള സർച്ചാർജ്ജ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നത് തടയപ്പെടുന്നു.

3. പഞ്ചായത്ത് രാജ് ആക്റ്റ് നിലവിൽ വന്നശേഷം enact ചെയ്യപ്പെട്ട 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ സെക്ഷൻ 16-ൽ സർച്ചാർജ്ജ് ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ആക്റ്റിൽ യാതൊരു ലിമിറ്റേഷനും വ്യവസ്ഥ ചെയ്യുന്നില്ല. കൂടാതെ, ഓഡിറ്റ് ആക്റ്റിലെ സെക്ഷൻ 22 പ്രകാരം അതിലെ വ്യവസ്ഥകൾക്ക് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 215 ഉപവകുപ്പ് (9)-ന്റെ ക്ലിപ്ത നിബന്ധന ഒരു പഴുതായിത്തീരുന്നതിനാൽ പഞ്ചായത്തുകളിലെ ഗൗരവതരമായ ക്രമക്കേടുകൾ വെളിപ്പെടുത്തുന്ന ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർച്ചാർജ്ജ് ഒടുക്കുന്നതിൽനിന്നും ബന്ധപ്പെട്ടവർ രക്ഷപ്പെടുവാനിടയാകുന്നു.

4. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് നിലവിൽ വന്നത് 1995 നവംബർ 23-നാണ്. എന്നാൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് 1996 ജനുവരി 15-നാണ് നിലവിൽ വന്നത്. സർച്ചാർജ്ജ് ഈടാക്കുന്നതിൽ ലിമിറ്റേഷൻ വ്യവസ്ഥ ഇല്ലാത്ത ഓഡിറ്റ് ആക്റ്റിൽ, അതിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഓഡിറ്റ് ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന് 22-ാം വകുപ്പിൽ

വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ അതിനുമുൻപ് നിലവിൽ വന്ന പഞ്ചായത്ത് രാജ് നിയമത്തിലെ 215 (9)-ാം വകുപ്പിന്റെ ക്ലിപ്ത നിബന്ധന നിലനിൽക്കുന്നതല്ല.

5. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് കൂടുതൽ ശക്തമായി ക്രമക്കേടുകൾ തടയുന്നതാകുന്നതിനും, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റും തദ്വാരാ ഓഡിറ്റ് വകുപ്പും ദുർബ്ബലപ്പെടാതിരിക്കുന്നതിനും, ക്രമക്കേടുകളിന്മേൽ ഏതുകാലത്തായാലും കൃത്യമായി പിഴ ഒടുക്കേണ്ടി വരുമെന്ന് ബോദ്ധ്യപ്പെടുന്നതിനിടയാകുമെന്നതുകൊണ്ടും, പഞ്ചായത്തുകൾ അങ്ങനെ അഴിമതി വിമുക്തമാക്കുന്നതിനും പ്രസ്തുത നിയമത്തിലെ 215-ാം വകുപ്പ് (9)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കേണ്ടതാണ്. ഇത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. എൻ. ജയരാജ്, എം. എൽ. എ.

-

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994 -ലെ 13) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

215. അക്കൗണ്ടുകളും ആഡിറ്റും.—(9) ആഡിറ്റർമാർ ബന്ധപ്പെട്ട ആൾക്ക് അയാളെ സംബന്ധിക്കുന്ന സംഗതി വിശദീകരിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുശേഷം നിയമവിരുദ്ധമായി ചെലവാക്കിയ ഏതൊരിനം ചെലവും അനുവദിക്കാതിരിക്കേണ്ടതും അങ്ങനെയുള്ള ചെലവ് ചെയ്യുകയോ ചെലവാക്കുന്നതിന് അധികാരം നൽകുകയോ ചെയ്യുന്ന ആളുടെമേൽ സർച്ചാർജ്ജ് ചെയ്യാവുന്നതും അയാളുടെ ഉപേക്ഷയോ നടപടി ദൂഷ്യമോ മൂലമുണ്ടായ ഏതെങ്കിലും കുറവിന്റെയോ നഷ്ടത്തിന്റെയോ അഥവാ ലാഭകരമല്ലാത്ത ചെലവ് സംബന്ധിച്ചുള്ളതോ അഥവാ അയാൾ കണക്കിൽ കൊള്ളിക്കേണ്ടതും എന്നാൽ കൊള്ളിച്ചിട്ടില്ലാത്തതും ആയതോ ആയ ഏതെങ്കിലും തുക അതിനുത്തരവാദി ആയ ഏതെങ്കിലും ആളുടെമേൽ ചുമത്താവുന്നതും അങ്ങനെയുള്ള ഏതൊരു സംഗതിയിലും അങ്ങനെയുള്ള ആളിൽനിന്നും ലഭിക്കേണ്ട തുക സർട്ടിഫൈ ചെയ്യേണ്ടതുമാകുന്നു:

എന്നാൽ പ്രസ്തുത ചെലവുചെയ്ത തീയതി മുതൽ നാല് വർഷത്തിനുശേഷം ഈ ഉപവകുപ്പുപ്രകാരം യാതൊരു സർച്ചാർജ്ജും ചെയ്യുവാൻ പാടില്ല.

** ** ** **